**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4102 03.02.2014-ൽ മറുപടിക്ക്**

**പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നതിന് നടപടി**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ.സി.കൃഷ്ണൻ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| പയ്യന്നൂർ നിയോജക മണ്ഡലത്തിൽ മലയോര മേഖലയിലെ പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാരേയും മറ്റ് ജീവനക്കാരേയും നിയമിച്ച് ഐ.പി വിഭാഗം പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ? | പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫിന്റെയും അപര്യാപ്തത ഉള്ളതിനാൽ ഐ.പി വിഭാഗം പ്രവർത്തിപ്പിക്കുന്നത് ബുദ്ധിമുട്ടാണ്.<br>ടി ആശുപത്രിയിൽ സിവിൽ സർജൻ - 1, അസിസ്റ്റന്റ് സർജൻ - 5, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) - 1, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) - 1 എന്നിങ്ങനെ 8 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഈ തസ്തികകളെല്ലാം ഒഴിഞ്ഞു കിടക്കുകയാണ്. അഡ്ഹോക്ക് വ്യവസ്ഥയിൽ 2 ഉം ആശുപത്രി ഇൻചാർജ്ജ് ആയി ഒരു ഡോക്ടറും പ്രവർത്തിക്കുന്നുണ്ട്.<br>കൂടാതെ താഴെ പറയുന്ന തസ്തികകൾ കൂടി ഒഴിഞ്ഞ് കിടക്കുന്നുണ്ട്.<br>1. പാർട്ട് ടൈം സ്വീപ്പർ - 1<br>2. ഹോസ്പിറ്റൽ അസിസ്റ്റന്റ് ഗ്രേഡ് II – 1<br>3. ലബോറട്ടറി ടെക്നീഷ്യൻ - 1<br>4. ഒപ്ടോമെട്രിസ്റ്റ് - 1<br>അസിസ്റ്റന്റ് സർജന്റെ ഒഴിവ് പി.എസ്.സി മുഖേനയും, ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവ് സർവീസിൽ പി.ജി ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമനം നടത്തിയും നികത്തുന്നതാണ്.<br>ജില്ലാ മെഡിക്കൽ ഓഫീസർ പാർട്ട് ടൈം സ്വീപ്പറുടെയും ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് II ന്റെയും തസ്തിക നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ലബോറട്ടറി ടെക്നീഷ്യന്റെയും ഒപ്റ്റോമെട്രിസ്റ്റിന്റെയും ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ താല്കാലികാടിസ്ഥാനത്തിൽ ടി തസ്തികകൾ നികത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.<br>ഡോക്ടർമാരുടെ അനുവദിച്ച 8 തസ്തികകളിലും നിയമനം നടത്തിയാൽ മാത്രമേ ഐ.പി വിഭാഗം പുന:സ്ഥാപിക്കാൻ കഴിയുകയുള്ളൂ. ഇപ്പോൾ ഈ സ്ഥാപനത്തിൽ 2 ഡോക്ടർമാർ താല്കാലികാടി സ്ഥാനത്തിൽ ജോലി ചെയ്ത് ദൈനംദിന പ്രവർത്തനം മുടങ്ങാതെ നടത്തുന്നുണ്ട്. |

Sd/-

സെക്ഷൻ ഓഫീസർ